കേരള ബാങ്ക്: ചർച്ചാ സമ്മേളനം

തിരുവനന്തപുരം: ദേശീയ സഹകരണ വാരത്തിന്റെ ഭാഗമായി നാഷണൽ യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 'കേരള ബാങ്ക് ആശാസ്യമോ' എന്ന വിഷയത്തിൽ ചർച്ചാ സമ്മേളനം നടത്തുന്നു. 17ന് വൈകിട്ട് 3.30ന് പ്രസ് ക്ലബ് ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ സഹകാർ ഭാരതി മുൻ അദ്ധ്യക്ഷൻ സതീഷ് മറാട്ടെ, ഡോ. വി.കെ. വിജയകുമാർ, നാഷണൽ യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ വി. മുരളീധരൻ, ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജനറൽ സെക്രട്ടറി സി.കെ. അബ്ദുറഹ്മാൻ, ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ എന്നിവർ സംസാരിക്കും.

എൻട്രൻസ് കോച്ചിംഗ്

പേരൂർക്കട: ജില്ലയിൽ പട്ടികവർഗ വിഭാഗത്തിൽ നിന്ന് പ്ലസ് ടു സയൻസ്, വി.എച്ച്.എസ്.സി എന്നിവയിൽ വിജയിച്ചവരും പഠിച്ചുകൊണ്ടിരിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻജിനിയറിംഗ് എൻട്രൻസ് കോച്ചിംഗ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മേൽപ്പറഞ്ഞ വിഷയത്തിൽ പഠനം നടത്തി വരുന്നവർ ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവയടക്കം നവംബർ 25 വൈകിട്ട് 5ന് മുമ്പ് പ്രോജക്ട് ഓഫീസർ, സംയോജിത പട്ടികവർഗ വികസന പ്രോജക്ട് ഓഫീസ്, നെടുമങ്ങാട് പി.ഒ എന്ന വിലാസത്തിൽ ലഭ്യമാക്കണം.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: ബീച്ച് വൈദ്യുതി സെക്ഷനിലെ വെട്ടുകാട്, ബാലാനഗർ, കണ്ണാന്തുറ എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

തോപ്പിനകം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം തോപ്പിനകം ശാഖ തോപ്പിനകം ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന ഗുരുദേവന്റെ കട്ട് ഔട്ട് എടുത്തുമാറ്റിയ സാമൂഹ്യവിരുദ്ധരെ അറസ്റ്റ് ചെയ്യണമെന്ന് ശാഖാപ്രസിഡന്റ് ഡി. സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ആവശ്യപ്പെട്ടു. യൂണിയൻ ഭാരവാഹികളായ ചെയർമാൻ ഡി. പ്രേംരാജ്, കൺവീനർ ആലുവിള അജിത്ത്, നെടുമങ്ങാട് രാജേഷ്, ശാഖാസെക്രട്ടറി എസ്. ബിജു, എ. ശ്രീനിവാസൻ എന്നിവർ സംസാരിച്ചു.

അനുശോചിച്ചു

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം പോങ്ങുംമൂട് ശാഖാ പ്രസിഡന്റ് കെ. വിശ്വംഭരന്റെ നിര്യാണത്തിൽ യൂണിയൻ ചെയർമാൻ ഡി.പ്രേംരാജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുശോചനം രേഖപ്പെടുത്തി. യോഗത്തിൽ കൺവീനർ ആലുവിള അജിത്ത്, എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗം നെടുമങ്ങാട് രാജേഷ് എന്നിവർ പങ്കെടുത്തു.

ശ്രീനാരായണ ഗുരുകുലത്തിൽ മണ്ഡലപൂജ

ചെമ്പഴന്തി: ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ വിവിധ പരിപാടികളോടെ മണ്ഡലപൂജ നടത്തും. 16ന് തുടങ്ങി ഡിസംബർ 26 വരെയാണ് ചടങ്ങുകൾ. വിശേഷാൽ പൂജ, മഹാഗണപതി ഹവനം, നാമജപം, ദീപക്കാഴ്ച, പ്രസാദവിതരണം എന്നിവയാണ് പ്രധാന ചടങ്ങുകൾ. 16ന് രാവിലെ മഹാഗണപതി ഹവനത്തിനുശേഷം രാവിലെ 6ന് നാമജപത്തിന് തുടക്കം കുറിക്കും. മണ്ഡലകാലത്ത് വിശേഷാൽ പൂജകളും ഹവനവും നടത്താൻ താത്പര്യമുള്ള ഭക്തർ 0471 2595121 എന്ന നമ്പരിൽ ബന്ധപ്പെടണമെന്ന് ഗുരുകുലം സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അറിയിച്ചു.

കുഴിവിളാകം തമ്പുരാൻ ക്ഷേത്രം

കിഴക്കുംകര: കുഴിവിളാകം തമ്പുരാൻ ക്ഷേത്രത്തിൽ 16ന് രാവിലെ സമൂഹ ഗണപതി ഹോമവും കഞ്ഞിസദ്യയും ഉണ്ടായിരിക്കും. 16 മുതൽ ഡിസംബർ 26 വരെ മണ്ഡല മഹോത്സവ വിളക്കും പൂജയും ഉണ്ടായിരിക്കും. 41ന് അന്നദാനം ഉണ്ടായിരിക്കുമെന്ന് ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു.

നെഹ്റു പീസ് ഫൗണ്ടേഷൻ

തിരുവനന്തപുരം: വിശ്വമാനവികത ഉയർത്തിപ്പിടിച്ച നേതാവായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. നെഹ്റു പീസ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പ്രസ്ക്ലബിൽ നടന്ന ജവഹർലാൽ നെഹ്റുവിന്റെ 128ാം ജന്മവാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. കെ. മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. വിവിധ രംഗങ്ങളിലെ പ്രതിഭകൾ എന്നനിലയിൽ കെ. ആർ.ജി ഉണ്ണി, രാധാമണി വേണഗോപാൽ, രമേശ്ബാബു, ജി. ഷിബു എന്നിവർക്ക് മന്ത്രി പുരസ്കാരങ്ങൾ നൽകി. നെഹ്റു പീസ് ഫൗണ്ടേഷൻ സെക്രട്ടറി ദിനകരൻപിള്ള ആമുഖപ്രഭാഷണം നടത്തി. ജി. മാധവൻനായർ, വാസുദേവൻ തച്ചോത്ത് എന്നിവർ സംസാരിച്ചു.

മുടുമ്പിൽ ക്ഷേത്രം

പേരൂർക്കട: ചാക്ക ബൈപ്പാസ് മുട്ടമ്പിൽ ക്ഷേത്രം മണ്ഡല പൂജ നാളെ ആരംഭിക്കും. ശനിയാഴ്ച രാവിലെ 9.30 ന് ശനീശ്വര പൂജ ക്ഷേത്ര തന്ത്രി ശാസ്താമണി പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.

ശിശുദിനാഘോഷം

കോവളം: കോവളത്ത് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കൊപ്പം ഉദയസമുദ്ര ഗ്രൂപ്പ് സംഘടിപ്പിച്ച ശിശുദിനാഘോഷം ശ്രദ്ധേയമായി. മണ്ണന്തലയിലുള്ള മരിയോൺ പ്ലേ ഹോമിലെ അന്തേവാസികളായ നൂറോളം ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ കോവളത്തെ ഹോട്ടലിലേക്ക് ക്ഷണിച്ചുവരുത്തി വിവിധ കലാപരിപാടികളോടെയാണ് ഉദയസമുദ്ര ശിശുദിനം ആഘോഷിച്ചത്. ഹോട്ടലിലെ സ്വിമ്മിംഗ് പൂൾ സമുച്ചയത്തിൽ നടന്ന പരിപാടികളിൽ സി.ഇ.ഒ രാജഗോപാൽ അയ്യർ, ഫിനാൻസ് ഡയറക്ടർ പി.വി. ശിവശങ്കരപ്പിള്ള, വൈസ് പ്രസിഡന്റ് മോഹൻ, സ്കൂൾ പ്രിൻസിപ്പൽ തങ്കമണി, മാദ്ധ്യമ പ്രവർത്തകൻ അയൂബ്ഖാൻ എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികൾക്കായി പ്രത്യേക മത്സരങ്ങളും അവരുടെ തന്നെ പഞ്ചാരിമേളമടക്കമുള്ള പരിപാടികളും സംഘടിപ്പിച്ചു. ഉദയസമുദ്ര ഗ്രൂപ്പിന്റെ സാമൂഹ്യക്ഷേമ പരിപാടികളുടെ ഭാഗമായാണ് ഭിന്ന ശേഷിക്കാരായ കുട്ടികൾക്കായി ശിശുദിനാഘോഷം സംഘടിപ്പിച്ചത്.

വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം

തിരുവനന്തപുരം: കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണവും ലേബലിംഗ് തൊഴിലാളികൾക്കുള്ള അംഗത്വ കാർഡ് വിതരണോദ്ഘാടനവും ഇന്ന് നടക്കും. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ രാവിലെ 11ന് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനവും ലാപ്‌ടോപ്പ്, അംഗത്വ കാർഡ് വിതരണവും നിർവഹിക്കും. കെ. മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.

ശിശുദിനത്തിൽ പ്രതീക്ഷകൾ പങ്കുവച്ച് കുട്ടിക്കൂട്ടം

തിരുവനന്തപുരം: കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ വാർത്ത കേൾക്കാത്ത നല്ല നാളയെ കുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവച്ച് ശിശുദിനത്തിൽ ഒരു കൂട്ടം കുട്ടികൾ. ഭാരത് ഭവനിൽ നടന്ന ശിശുദിനാഘോഷ പരിപാടിയാണ് കുട്ടികളുടെ സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായത്. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് മുന്നൂറോളം കുട്ടികളാണ് പരിപാടിയിൽ പങ്കെടുത്തത്. ചടങ്ങിൽ സന്തോഷ് ശിവന്റെ മല്ലി എന്ന ചിത്രം പ്രദർശിപ്പിച്ചു. ഛായാഗ്രാഹകനും സംവിധായകനുമായ ശിവനെ ആദരിച്ചു. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, പ്രൊഫ. അലിയാർ, എം.എഫ്. തോമസ്, ഗിരിജ സേതുനാഥ്, കെ.പി. കണ്ണൻ, മധു കൊട്ടാരത്തിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

തൃപ്പാദപുരം തൊണ്ട നനച്ചിട്ട് ഒരാഴ്ച

KAUMUDI ALERT

ശീതസമരം

- പൊട്ടിയത് പൗഡിക്കോണം പുതുകുന്ന് ടാങ്കിൽ നിന്നുള്ള കുടിവെള്ള പൈപ്പ്
- അറ്റകുറ്റപ്പണി നടത്താതെ വാൽവ് അടച്ച ശേഷം വാട്ടർ അതോറിട്ടി മടങ്ങി
- കുടിവെള്ളം കിട്ടാതെ അലയുന്നത് 500 കുടുംബങ്ങൾ
- അറ്റകുറ്റപ്പണിക്കായി റോഡ് കുഴിച്ചാൽ കേസെടുക്കുന്നെന്ന് വാട്ടർ അതോറിട്ടി
- കേസ് കൊടുക്കുന്നത് പി. ഡബ്ലിയു.ഡി അധികൃതർ

> വകുപ്പുകളുടെ ശീതസമരത്തിൽ ദുരിതം പേറുന്നത് ജനങ്ങളാണ്. കുടിവെള്ള പ്രശ്നം ഉടൻ പരിഹരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഓഫീസുകളുടെ മുന്നിൽ അനിശ്ചിതകാല സമരം സംഘടിപ്പിക്കും.
>
> \- സുനിചന്ദ്രൻ,
> കൗൺസിലർ, ആറ്റിപ്ര വാർഡ്

പി. സുരേഷ്ബാബു

കുളത്തൂർ: തൃപ്പാദപുരത്തുകാർ കുടിവെള്ളത്തിനായി കാത്തിരിക്കാൻ തുടങ്ങിയിട്ട് ഒരാഴ്ച. വാട്ടർ അതോറിട്ടിയുടെ പൈപ്പ് പൊട്ടിയതാണ് ഇവിടത്തുകാരുടെ തൊണ്ട വരട്ടുന്നത്. ഇതിനിടെ സ്ഥലത്തെത്തിയ വാട്ടർ അതോറിട്ടി ജീവനക്കാർ പ്രധാന പൈപ്പിലെ വാൽവ് അടച്ച ശേഷം അറ്റകുറ്റപ്പണി നടത്താതെ മടങ്ങി. തുടർന്ന് നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തിറങ്ങി.

കൗൺസിലറുൾപ്പെടെയുള്ള ജനപ്രതിനിധികൾ പരാതിപ്പെട്ടിട്ടും തകരാർ പരിഹരിക്കാൻ അധികൃതർ നടപടിയെടുത്തില്ല. കല്ലിംഗൽ, കാവുക്കോണം, മേലെതൃപ്പാദപുരം, കുശമുട്ടം, തൃപ്പാദഗിരി, അരശുംമൂട് തുടങ്ങിയ ഭാഗങ്ങളിലെ അഞ്ഞൂറോളം കുടുംബങ്ങളാണ് ദുരിതത്തിലായത്. പൗഡിക്കോണം പുതുകുന്ന് ടാങ്കിൽ നിന്നുള്ള കുടിവെള്ള പൈപ്പാണ് പൊട്ടിയത്. ഗാർഹികാവശ്യത്തിനുള്ള കണക്ഷനുകൾ ഭൂരിഭാഗവും ഇതിൽ നിന്നാണ് പോകുന്നത്. ടെക്നോപാർക്കിലേക്ക് മൺവിള വാട്ടർ ടാങ്കിൽ നിന്ന് പോകുന്ന പൈപ്പ് തൃപ്പാദപുരം ജംഗ്ഷന് സമീപം വരെയുള്ളൂ. അതുകൊണ്ട് പകരം സംവിധാനവും അസാദ്ധ്യമാണ്.

പൈപ്പ് പൊട്ടുമ്പോഴോ ലീക്കുള്ളപ്പോഴോ അറ്റകുറ്റപ്പണി നടത്താൻ റോഡ് കുഴിച്ചാൽ തങ്ങൾക്കു നേരെ പി.ഡബ്ലിയു.ഡി കേസെടുക്കുകയാണെന്നാണ് വാട്ടർ അതോറിട്ടി ഉദ്യോഗസ്ഥരുടെ ആക്ഷേപം.

കുളത്തൂർ തമ്പുരാൻമുക്കിൽ പൈപ്പ് പൊട്ടിയതിനെ തുടർന്ന് അറ്റകുറ്റപ്പണി നടത്തിയ വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എൻജിനിയറുൾപ്പെടെയുള്ള ജീവനക്കാർക്കെതിരെ പി.ഡബ്ലിയു.ഡി എക്സിക്യൂട്ടിവ് എൻജിനിയർ തുമ്പ പൊലീസിൽ പരാതി നൽകിയിരുന്നു. കുഴിവിളയിൽ കെ.എസ്.ഇ.ബി റോഡ് കുഴിച്ച് കേബിളിട്ടതിന് കേസെടുത്തത് വാട്ടർ അതോറിട്ടിക്കെതിരെയാണെന്നും ആക്ഷേപമുണ്ട്. തൃപാദപുരം കാവുക്കോണത്ത് പൈപ്പിൽ ലീക്കുണ്ടായതിനെ തുടർന്ന് റോഡ് കുഴിച്ച് തകരാർ പരിഹരിച്ചതിനും കഴക്കൂട്ടം പൊലീസിൽ രണ്ടു കേസുകൾ നിലവിലുണ്ടെന്നും വാട്ടർ അതോറിട്ടി ജീവനക്കാർ പറഞ്ഞു.



തിരുവനന്തപുരത്ത് എത്തിയ മന്ത്രി തോമസ് ചാണ്ടിയെ അർദ്ധരാത്രിയിൽ അദ്ദേഹത്തിന്റെ വസതിയായ കാവേരിയിലേക്ക് പോകുന്ന വഴി കാർ തടഞ്ഞ യൂത്ത് കോൺഗ്രസ് പ്രവർത്തകയെ പൊലീസ് നീക്കം ചെയ്യുന്നു.

മദ്ധ്യവയസ്കയെ മർദ്ദിച്ച കേസിലെ പ്രതി അറസ്റ്റിൽ

കോവളം: മദ്ധ്യവയസ്കയെ ദേഹോപദ്രവമേൽപ്പിച്ച കേസിലെ പ്രതിയെ വിഴിഞ്ഞം പോലീസ് അറസ്റ്റ്ചെയ്തു. ആട്ടറമൂല സ്വദേശിനിയെ ആക്രമിച്ച സംഭവത്തിൽ പുത്തളം സ്വദേശി ബിനു (24) നെയാണ് വിഴിഞ്ഞം എസ്.ഐ രതീഷിന്റെ നേതൃത്വത്തിൽ അറസ്റ്റ്ചെയ്തത്. ഇയാൾക്കെതിരെ വിഴിഞ്ഞം, കാഞ്ഞിരംകുളം ഉൾപ്പെടെ വിവിധ സ്റ്റേഷനുകളിൽ കേസുള്ളതായും പോലീസ് അറിയിച്ചു. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡു ചെയ്തു.

പെൻഷണേഴ്സ് അസോസിയേഷൻ ശ്രീകാര്യം മണ്ഡലം വാർഷിക സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. കെ. ആർ. കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു. വിജയകുമാർ, മധുസൂദനൻ, മോഹനകുമാർ, നദീറ സുരേഷ്, അണിയൂർ പ്രസന്നൻ, കെ.കെ.സി. നമ്പ്യാർ എന്നിവർ സമീപം

കെ.എസ്.എസ്.പി.എ ശ്രീകാര്യം മണ്ഡലം വാർഷിക സമ്മേളനം

തിരുവനന്തപുരം: കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് അസോസിയേഷന്റെ ശ്രീകാര്യം മണ്ഡലം വാർഷിക സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ആർ. കുറുപ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് മോഹനകുമാർ അദ്ധ്യക്ഷത വഹിച്ചു.

വനിതാ ഫോറം സംസ്ഥാന പ്രസിഡന്റ് നദീറ സുരേഷ്, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി. മധുസൂദനൻ, കെ.കെ.സി. നമ്പ്യാർ, അണിയൂർ പ്രസന്നൻ, എൻ. രവീന്ദ്രൻ നായർ, കെ. വിജയകുമാർ, എം. ഗംഗാധരൻപിള്ള, കെ.എസ്. അംബികുമാർ, ഭാസിനായർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. പി. രാജേന്ദ്രൻ സ്വാഗതവും വിജയൻ നായർ കൃതജ്ഞതയും പറഞ്ഞു.

പുതിയ ഭാരവാഹികളായി പി. രാജേന്ദ്രൻ നായർ (പ്രസിഡന്റ്), ജി. ബാലകൃഷ്ണൻ നായർ, ബി. സരസമ്മ (വൈസ് പ്രസിഡന്റുമാർ), ഭാസി നായർ. പി (സെക്രട്ടറി), കെ. സുരേന്ദ്രൻ നായർ, ജി. രാജശേഖരൻ നായർ (ജോയിന്റ് സെക്രട്ടറിമാർ), വി. മാധവൻ നായർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

പട്ടികജാതി ഗോത്ര വർഗ കമ്മിഷൻ അദാലത്ത്

തിരുവനന്തപുരം: സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മിഷൻ നിലവിലുള്ള പരാതികൾ തീർപ്പാക്കാൻ ജില്ലയിൽ പരാതി പരിഹാര അദാലത്തുകൾ നടത്തും. 23, 24, 25 തീയതികളിൽ തൈക്കാട് പി.ഡബ്യൂ.ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലാണ് അദാലത്തുകൾ.

കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ഡോ. പി. എൻ. വിജയകുമാർ, മെമ്പർമാരായ എഴുകോൺ നാരായണൻ, അഡ്വ. കെ.കെ. മനോജ്, രജിസ്ട്രാർ എം. മോഹനൻ, അസിസ്റ്റന്റ് രജിസ്ട്രാർ ഷീജ കെ എന്നിവർ നേതൃത്വം നൽകും.

പട്ടികജാതി പട്ടികഗോത്ര വർഗക്കാരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കമ്മിഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംബന്ധിക്കും.

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയണം: മന്ത്രി കെ.കെ. ശൈലജ

ആന്റിബയോട്ടിക് അവബോധ വാരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി നിർവഹിക്കുന്നു

തിരുവനന്തപുരം: ആന്റിബയോട്ടിക്കുകൾ അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കണമെന്നും ദുരുപയോഗം തടയണമെന്നും മന്ത്രി കെ.കെ. ശൈലജ. ആന്റിബയോട്ടിക് അവബോധ വാരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മെഡിക്കൽ കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം ചെറുക്കാനായി ഒരു ആന്റിബയോട്ടിക് പോളിസിക്കും സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

ഡോക്ടർമാർ ആന്റിബയോട്ടിക്കുകൾ എഴുതുന്നതിൽ കുറവുവരുത്തുകയും ആന്റിബയോട്ടിക് പോളിസി നടപ്പാക്കുകയും വേണമെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ പ്രവർത്തകരെയും ജനങ്ങളെയും ബോധവത്കരിക്കുന്നതിന്റെ ഭാഗമായാണ് ആന്റിബയോട്ടിക്കുകൾ കുറയ്ക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയത്. 'ആന്റിബയോട്ടിക്കുകൾ അമൂല്യമാണ്, ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രമേ ഉപയോഗിക്കാവൂ' എന്ന സന്ദേശം ജനങ്ങളിലെത്തിക്കുകയാണ് ഈ അവബോധ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. എ. റംലാബീവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് ഡി.എം.ഇ ഡോ. ശ്രീകുമാരി, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു, സ്പെഷ്യൽ ഓഫീസർ ഡോ. അജയകുമാർ, ജോയിന്റ് ഡി.എൻ.ഇ പ്രസന്നകുമാരി, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദ്, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. ജോബി ജോൺ, ഡോ. സന്തോഷ് കുമാർ, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. ശാരദാദേവി എന്നിവർ പങ്കെടുത്തു.



പി. കേശവദേവ് ട്രസ്റ്റും ജ്യോതിദേവ് ഡയബറ്റിസ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററും സംയുക്തമായി സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയുടെ ഭാഗമായി ശംഖുംമുഖത്തെ മത്സ്യകന്യകയുടെ പ്രതിമ നീലവെളിച്ചത്താൽ അലങ്കരിച്ചപ്പോൾ

നീലവെളിച്ചത്തിൽ മത്സ്യകന്യക

തിരുവനന്തപുരം: ലോക പ്രമേഹ മാസത്തിന്റെ ഭാഗമായി സ്ത്രീകളും പ്രമേഹവും എന്ന വിഷയത്തെ ആസ്പദമാക്കി പി. കേശവദേവ് ട്രസ്റ്റും ജ്യോതിദേവ് ഡയബറ്റിസ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററും സംയുക്തമായി സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയിൽ ശംഖുംമുഖത്തെ മത്സ്യകന്യകയെ നീലവെളിച്ചത്തിൽ അലങ്കരിച്ചു.

ഈ വർഷം ബ്ലൂ മോണുമെന്റ് ലൈറ്റിംഗിനായി പി. കേശവദേവ് ട്രസ്റ്റും ജ്യോതിദേവ്സ് ഡയബറ്റിസ് ഹോസ്പിറ്റലും പ്രതീകാത്മകമായി തിരഞ്ഞെടുത്തിരിക്കുന്നത് സ്ത്രീ ശക്തിയെയും സൗന്ദര്യത്തെയും സ്നേഹത്തെയും പ്രതിനിധീകരിക്കുന്ന മത്സ്യകന്യകയെയാണെന്ന് ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു.

സി.പി.ഐ ശ്രീകാര്യം ലോക്കൽ സമ്മേളനം

തിരുവനന്തപുരം: സി.പി.ഐ ശ്രീകാര്യം ലോക്കൽ സമ്മേളനം എൻജിനിയറിംഗ് കോളേജ് ലോർഡ്സ് സ്കൂളിൽ നടന്നു.

ചേങ്കോട്ടുകോണം വിജയാനന്ദന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധി സമ്മേളനം സി.പി.ഐ സംസ്ഥാന കൗൺസിൽ അംഗം വി.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി വി.പി. ഗോപകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. നിർമ്മലകുമാർ, പി.കെ. രാജു, കാര്യവട്ടം ശ്രീകണ്ഠൻനായർ, പാങ്ങപ്പാറ മോഹനൻ, ആർ. ചിത്രലേഖ, ബി.എസ്. ഇന്ദ്രൻ, തൃപ്പാദപുരം രാജേന്ദ്രൻ, എസ്. ശ്രീകുമാർ എന്നിവർ സംസാരിച്ചു.

സെക്രട്ടറിയായി ഗാന്ധിപുരം ബഷീറിനെ തിരഞ്ഞെടുത്തു. ശ്രീകാര്യം ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനം സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം പി. പ്രസാദ് ഉദ്ഘാടനം ചെയ്തു.

സ്രാങ്ക് ഉറങ്ങിപ്പോയി; നിയന്ത്രണം വിട്ട ബോട്ട് തീരത്ത് ഇടിച്ചു കയറി

കോവളം: സ്രാങ്ക് ഉറങ്ങിപ്പോയതിനെ തുടർന്ന് നിയന്ത്രണം വിട്ട മത്സ്യബന്ധന ബോട്ട് പൂന്തുറ കടൽതീരത്തേക്ക് ഇടിച്ച് കയറിയത് നാട്ടുകാരെ പരിഭ്രാന്തിയിലാക്കി. കടലിൽ മത്സ്യബന്ധനം നടത്തിയിരുന്ന വള്ളങ്ങളിലിടിക്കാതെ തീരത്തെ മണലിൽ പുതഞ്ഞ് ബോട്ട് നിന്നതിനാൽ വൻ അപകടം ഒഴിവായി.

കുളച്ചലിലേക്ക് മീൻ പിടിക്കാൻ പോവുകയായിരുന്ന കൊല്ലം സ്വദേശി ആന്റണിയുടെ ആൻമരിയ എന്ന ബോട്ടാണ് കഴിഞ്ഞ ദിവസം രാത്രി തീരത്തേക്കിടിച്ച് കയറിയത്. അജ്ഞാത ബോട്ട് അമിതവേഗതയിൽ കരയിലേക്ക് വരുന്നത് കണ്ട് സംശയം തോന്നിയവർ കൺട്രോൾ റൂമിൽ വിവരമറിയിച്ചു. അവിടെ നിന്നുള്ള സന്ദേശം ലഭിച്ചതോടെ വിഴിഞ്ഞത്തു നിന്ന് തീരദേശ പൊലീസും മറൈൻ എൻഫോഴ്സ്മെന്റും രക്ഷാ ബോട്ടുകളുമായി കടലിലേക്ക് പാഞ്ഞു.

അഞ്ച് തൊഴിലാളികളുമായി ഉൾക്കടലിലൂടെ തമിഴ്നാട്ടിലേക്ക് പോകുകയായിരുന്ന ബോട്ട് സ്രാങ്ക് ഉറങ്ങിയതോടെ ഗതി മാറി നിയന്ത്രണം തെറ്റി കരയിലേക്ക് പായുകയായിരുന്നു. തുടർന്ന് വിഴിഞ്ഞത്തെ സേനാ വിഭാഗങ്ങൾ ട്രോളറിനെ കടലിൽ ഇറക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. മറ്റ് ബോട്ടുകളും സേനാ ബോട്ടുകളും ചേർന്ന് മൂന്ന് മണിക്കൂറോളം കെട്ടിവലിച്ചാണ് മണലിൽ പുതഞ്ഞ ബോട്ടിനെ ഉൾക്കടലിലേക്ക് മാറ്റിയത്. ബോട്ടിലുണ്ടായിരുന്ന അഞ്ച് തൊഴിലാളികളും സുരക്ഷിതരായി മടങ്ങിയതായി തീരദേശ പൊലീസ് അറിയിച്ചു.

പ്രിയദർശിനി സാംസ്കാരിക സമിതി

തിരുവനന്തപുരം: ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം പ്രിയദർശിനി സാംസ്കാരിക സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വട്ടിയൂർക്കാവ് ജംഗ്ഷനിൽ ആചരിച്ചു. അനുസ്മരണ സമ്മേളനം ഡി.സി.സി വൈസ് പ്രസിഡന്റ് കാവല്ലൂർ മധു ഉദ്ഘാടനം ചെയ്തു.

സമിതി ജനറൽ സെക്രട്ടറി ശാസ്തമംഗലം വനജന്റെ അദ്ധ്യക്ഷത വഹിച്ചു. എസ്. നാരായണപിള്ള, പി. സോമശേഖരൻ നായർ, വട്ടിയൂർക്കാവ് ചന്ദ്രശേഖരൻ, വേട്ടമുക്ക് മധു, ഗണേഷ് പിള്ള, എം.ബി. വിജയകുമാർ, ആർ. മുരുകൻ എന്നിവർ സംസാരിച്ചു.

നാട്യശാസ്ത്രകളം ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: കോവളം ബൈപ്പാസ് റോഡിൽ ജി.കെ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന അഭിനവക്ഷേത്ര കളം കാമ്പസിൽ എല്ലാ ബുധനാഴ്ചകളിലുമാണ് നാട്യശാസ്ത്ര ചർച്ചാ സോദോഹരണ പ്രഭാഷണ പരമ്പര നാട്യശാസ്ത്രകളം ഇന്ന് വൈകിട്ട് 5ന് കേരളകലാമണ്ഡലം മുൻ ചെയർമാൻ വി. ജെ. പൗലൗസ് ഉദ്ഘാടനം ചെയ്യും.

നഗരത്തിന് വർണക്കാഴ്ചയിൽ ശിശുദിന സന്ദേശമേകി വിദ്യാർത്ഥികൾ

എൻ.പി. മുരളീകൃഷ്ണൻ

തിരുവനന്തപുരം എസ്.എം.വി സ്കൂളിൽ നടന്ന സംസ്ഥാന ശിശുക്ഷേമസമിതിയുടെ ശിശുദിനാഘോഷത്തിൽ കുട്ടികളുടെ പൊതുസമ്മേളനത്തിന് ശേഷം നടന്ന വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ അണിനിരന്ന ശിശുദിന റാലി

തിരുവനന്തപുരം: പൂമ്പാറ്റകളായും പൂക്കളായും സ്വാതന്ത്ര്യസമര സേനാനികളുടെ വേഷമണിഞ്ഞും വാദ്യമേളങ്ങളുടെ അകമ്പടിയോടെ കുട്ടികൾ നഗരവീഥിയിൽ നിറഞ്ഞു. ഘോഷയാത്രയ്ക്ക് മുമ്പിൽ അഭിവാദ്യമേകി തുറന്ന വാഹനത്തിൽ കുട്ടികളുടെ പ്രധാനമന്ത്രിയും പ്രസിഡന്റും സ്പീക്കറും. ചാച്ചാജിയുടെ ഓർമ്മകൾ അനുസ്മരിപ്പിച്ച് വിപുലമായ ആഘോഷപരിപാടികളോടെയാണ് വിദ്യാർത്ഥികൾ നഗരത്തിന് ശിശുദിനസന്ദേശമേകിയത്.

ശിശുദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ശിശുദിനറാലിയാണ് നഗരത്തെ വർണവിസ്മയത്തിലാഴ്ത്തിയത്. എസ്.എം.വി സ്കൂളിൽ നടന്ന പൊതുസമ്മേളനത്തിനു ശേഷമാണ് നഗര ഹൃദയത്തിലൂടെ കുട്ടികൾ റാലി നടത്തിയത്. 'സുരക്ഷിത ബാല്യത്തിന് താങ്ങാകാം.. തണലാകാം..' എന്ന സന്ദേശത്തോടെയായിരുന്നു റാലി. മതസൗഹാർദ്ദം വിളിച്ചോതുന്ന രീതിയിലുള്ള വേഷങ്ങളണിഞ്ഞ കുട്ടികളും ഭരതനാട്യം, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ, ഒപ്പന തുടങ്ങിയ നൃത്തരൂപങ്ങളും ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടി. ഇവയ്ക്കുപുറമേ പഞ്ചവാദ്യം, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, പൊലീസ് ബാൻഡ്, റോളർ സ്കേറ്റിംഗ്, എൻ.സി.സി തുടങ്ങിയ പ്രകടനങ്ങളും റാലിയിൽ അരങ്ങേറി. അശ്വാരൂഢ സേനയ്ക്ക് പിറകിലായി വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ വ്യത്യസ്തമായ പ്രകടനങ്ങളാണ് കാഴ്ചവച്ചത്. ഭാരതാംബയും മഹാത്മാഗാന്ധിയും ചാച്ചാജിയും മദർ തെരേസയും ഇന്ദിരാഗാന്ധിയുമായുള്ള കുട്ടികളുടെ വേഷപ്പകർച്ച കാഴ്ചക്കാരിൽ കൗതുകമുണർത്തി.

നാലായിരത്തോളം കുട്ടികളാണ് റാലിയിൽ പങ്കെടുത്തത്. റാലി യൂണിവേഴ്സിറ്റി കോളേജ് അങ്കണത്തിൽ അവസാനിച്ചു. സമാപന ചടങ്ങിൽ കുട്ടികളുടെ നേതാക്കൾക്ക് മെമന്റോയും പ്രശസ്തിപത്രവും റാലിയിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ച സ്കൂളുകൾക്ക് ട്രോഫികളും സമ്മാനിച്ചു.

തുഷാർ വെള്ളാപ്പള്ളി നയിക്കുന്ന ദിവ്യജ്യോതി പ്രയാണം വിജയിപ്പിക്കും

തിരുവനന്തപുരം: ശിവഗിരി മഹാസമാധിയിലെ ശ്രീനാരായണഗുരുദേവ പ്രതിഷ്ഠയുടെ കനകജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 12 മുതൽ 20 വരെ എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി നയിക്കുന്ന ദിവ്യജ്യോതി പ്രയാണത്തോടനുബന്ധിച്ച് നടക്കുന്ന പൊതു സമ്മേളനത്തിലും സമാപന ഘോഷയാത്രയിലും പരമാവധി യൂത്ത് മൂവ്മെന്റ്, സൈബർ സേന പ്രവർത്തകരെ പങ്കെടുപ്പിക്കും.

ഇതിന്റെ ഭാഗമായി കോവളം യൂണിയനിൽ വിളിച്ചു ചേർത്ത യോഗം ജില്ലാ ചെയർമാൻ ബൈജു തോന്നയ്ക്കൽ ഉദ്ഘാടനം ചെയ്തു. യൂത്ത് മൂവ്മെന്റ് യൂണിയൻ പ്രസിഡന്റ് വിനോദ് മുല്ലൂർ അദ്ധ്യക്ഷത വഹിച്ചു. യൂത്ത് മൂവ്മെന്റ് തിരുവനന്തപുരം യൂണിയൻ വൈസ് പ്രസിഡന്റ് തോട്ടം കാർത്തികേയൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കൺവീനർ അരുൺ അശോക് സംഘടനാ സന്ദേശം നൽകി. സൈബർ സേന ജില്ലാ ചെയർമാൻ അരുൺ തോട്ടത്തിൽ, യൂത്ത്മൂവ്മെന്റ് യൂണിയൻ നേതാക്കളായ ശ്രീകുമാർ, രാജേഷ്, സുജിത്ത്, രാധാകൃഷ്ണൻ, മനു, വിഷ്ണു തുടങ്ങിയവർ സംസാരിച്ചു. ഡോ. വാഴമുട്ടം ചന്ദ്രബാബുവിനെ ആദരിച്ചു. യൂത്ത് മൂവ്മെന്റ് യൂണിയൻ കൺവീനർ ദീപു അരുമാനൂർ സ്വാഗതം പറഞ്ഞു.

വട്ടിയൂർക്കാവ് ശാഖ രണ്ടായി

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം ഡോ. പി. പല്പു സ്മാരക യൂണിയൻ പരിധിയിലുള്ള വട്ടിയൂർക്കാവ് ശാഖ രണ്ടായി വിഭജിച്ചു. സെപ്തംബർ 26ന് നടന്ന കൗൺസിൽ യോഗമാണ് തീരുമാനമെടുത്തത്. നെട്ടയം കേന്ദ്രമാക്കി 5 കുടുംബ യൂണിറ്റുകൾ ഉൾപ്പെടുത്തി വട്ടിയൂർക്കാവ് ശാഖയും ബാക്കി 6 കുടുംബ യൂണിറ്റുകൾ ചേർത്ത് കാഞ്ഞിരംപാറ ശാഖയുമാക്കിയാണ് വിഭജിച്ചത്. ശാഖാപ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് വിഭജനം നടത്തിയത്. വട്ടിയൂർക്കാവ് ശാഖയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഉപേന്ദ്രൻ കോൺട്രാക്ടർ (ചെയർമാൻ), വിജി കുമാർ (വൈസ് ചെയർമാൻ), രാജേന്ദ്രൻ (കൺവീനർ), ദില്ലിസുഖി, ബാബുസെൻ, പുഷ്പരാജ്, രതീഷ്കുമാർ (കമ്മിറ്റിയംഗങ്ങൾ) എന്നിവരെ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. കാഞ്ഞിരംപാറ ശാഖയിൽ അനീഷ് ദേവൻ (ചെയർമാൻ), ദാമോദരപ്പണിക്കർ (വൈസ് ചെയർമാൻ), എ.ആർ. സുധീർകുമാർ (കൺവീനർ), അരുൺകുമാർ, പ്രതാപകുമാർ, ശശിധരൻ, വിജയൻ, ബൈജു, ലോലാമണി (കമ്മിറ്റിയംഗങ്ങൾ) എന്നിവരടങ്ങുന്നതാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ യൂണിയൻ ഓഫീസിൽ നടന്ന ചടങ്ങിൽ ചുമതലയേറ്റു.